(സി) ഗവൺമെന്റ്, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാലയങ്ങളുണ്ടെന്നും ഇവ ഏതെല്ലാം ജില്ലയിലാണെന്നും ഇവയിൽ എത്രവീതം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും എത്ര അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഹയർ സെക്കന്ററി മേഖലയിൽ 15 ബധിര-മൂക-അന്ധ (സ്പെഷ്യൽ) വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യതകൾ നിഷ്കർഷിക്കുന്ന 10-6-2014-ലെ സ.ഉ. (കൈ.) നമ്പർ 103/2014/പൊ.വി.വ. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

കുട്ടികളുടെ കൊഴിഞ്ഞുപോക്ക്

17(2924) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷത്തെ ആറാം പ്രവർത്തിദിന കണക്കെടുപ്പ് പ്രകാരം സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് എത്ര കുട്ടികളുടെ കൊഴിഞ്ഞുപോക്കുണ്ടായെന്ന് ജില്ല തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇതുപ്രകാരം സംസ്ഥാനത്ത് 2014-15 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് 2014-15 അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥി-അദ്ധ്യാപക അനുപാത പ്രകാരം തസ്തിക നിർണ്ണയിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര അദ്ധ്യാപകരുടെ തസ്തിക നിലനിൽക്കുന്നില്ലെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഡിവിഷൻ തലത്തിൽ 1:45 എന്ന അദ്ധ്യാപക വിദ്യാർത്ഥി അനുപാതമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് നേടിയിട്ടില്ലാത്ത എല്ലാ സ്കൂളുകളിലും 2014-15 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) ഗവൺമെന്റ് സ്കൂളുകളിൽ 1920-ഉം എയ്ഡഡ് സ്കൂളുകളിൽ 6957-ഉം തസ്തികകൾ അധികമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ തസ്തികമാറ്റം

18(2925) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും അദ്ധ്യാപക തസ്തികയിലേക്ക് തസ്തികമാറ്റംവഴിയുള്ള നിയമനത്തിന് നിലവിൽ ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത നിയമനത്തിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ;

(സി) 2:3:7 അനുപാതത്തിൽ ഒരു ഗ്രൂപ്പിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മറ്റു ഗ്രൂപ്പുകളിലേയ്ക്ക് നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

(ഡി) പ്രസ്തുത ഗ്രഡേഷൻ ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമനം എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് അറിയിക്കാമോ ;

(ഇ) ഇല്ലെങ്കിൽ നിലവിൽ ഇതിനുള്ള തടസ്സത്തിന്റെ കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിഷയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംയോജിത ഗ്രഡേഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുവാനുള്ള അന്തിമ നടപടികൾ നടന്നുവരുന്നു.

(ബി) 12-3-2004-ലെ സ.ഉ. (പി.)നമ്പർ.81/2004/പൊ.വി.വ. പ്രകാരമുള്ള സ്പെഷ്യൽ റൂൾസ് അടിസ്ഥാനമാക്കിയാണ് നിയമനം നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly